**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 936** **30-06-2022 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം വനം വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന എസ്.സി. / എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ആയതിന്റെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം വനം വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന എസ്.സി. / എസ്.ടി. വിഭാഗത്തിൽപ്പെട്ട ആർക്കും നിയമനം നൽകിയിട്ടില്ല. |
| (ബി) | സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിനായി ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ? | (ബി) | വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമിക്കുന്നതിനായി 500 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാറ്റഗറി 92/2022, 93/2022 എന്നിവ പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും ടി തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധി 25/05/2022 ൽ അവസാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ